# THE VOICE

NOVEMBER 2015

## OF C.S.I. CHRIST CHURCH
## KODUKULANJI




**HARVEST FESTIVAL-DECEMBER 4, 5**

**2015-ലെ കുറിവാക്യം**

നിന്റെ സന്തതിമേൽ എന്റെ ആത്മാവിനെയും നിന്റെ
സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തേയും പകരും

യെശയ്യാവ്. 44:3

website: www.csichristchurch.net

## Vicar



Rev. Dr. Sam T. Mathew
Christ Church Parsonage
Kodukulanji P.O.
Chengannur- 689 508
Phone: 0479 2369223 (M): 9947310765
email:revdrsammathew@yahoo.com

## Associate Vicar



Rev. Johnson John
Ph. 9400987292
Christ Church House
Kodukulanji -689 508
email:rev.johnson77@gmail.com

## Senior Presbyters

| | |
|---|---|
| Rev. Chandy Jose | 2369960 |
| Rev. Abraham Kuruvilla | 9497686517 |

## Church Wardens

| | |
|---|---|
| Mr. Chandy C. George | 9496912157 |
| Mr. Koshy Varghese | 9633875090 |

## Church Secretary

| | |
|---|---|
| Mr. Joseph John | 9447597521 |

## Church Committee Members

| | |
|---|---|
| Mrs. Cicily Alexander | 9447438675 |
| Mrs. Elsa Thomas | 9446629780 |
| Mr. A.J. George | 9400140489 |
| Mr. P.C. Mathunni | 9496013685 |
| Mr. Ninan Benny Varghese | 9447896063 |
| Mr. Ninan Samuel | 9447908751 |
| Mrs. Ponnamma Idiculla | 9447709715 |

## Diocesan Council Members

| | |
|---|---|
| Mr. Cherian George | 9446715171 |
| Prof. George Jacob | 9847617700 |
| Mr. John Philip | 9496333353 |
| Dr. Gigy Sara George | 9847302128 |
| Mr. Sunil Jacob John | 0479 2352481 |

## Church Staff

| | |
|---|---|
| Mr. M.M. Mathai | 9447949024 |
| Mr. D.K. Thomas | 8547283822 |

# THE VOICE

## November 2015

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | | | | | |

## Editorial Board


Rev. Dr. Sam T. Mathew
(Chief Editor)
Rev. Johnson John
Mr. Chandy C. George
Mr. Cherian George
Mr. Joseph K. John
Mr. Koshy Varghese
Prof. George Jacob
(Managing Editor)
email:geejayin@yahoo.co.in


**Nov. 15**
**പെൺശിശു ഞായർ**

# ഇടവകപ്പട്ടക്കാരന്റെ കത്ത്

വീണ്ടും വരുന്ന യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം,

ക്രിസ്തീയ സഭകളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു മാസമാണ് നവംബർ. നവംബർ മാസം ഒന്നാം ഞായർ നാം അഖില ലോക സൺഡേസ്കൂൾ ദിനമായി ആചരിക്കുന്നു.

ക്രിസ്തീയ വിശ്വാസപ്രമാണങ്ങളും വേദപുസ്തകജ്ഞാനവും തലമുറകൾക്ക് കൈമാറിക്കൊടുക്കാനുള്ള സഭയുടെ ശക്തമായ വേദിയാണ് സൺഡേസ്കൂൾ. ഇന്ന് പല മാതാപിതാക്കളും സൺഡേസ്കൂൾ പഠനത്തിന് വേണ്ട പ്രാധാന്യം നൽകുന്നതായി കാണുന്നില്ല. ഇന്ന് നമ്മുടെ കുട്ടികൾ പല പ്രലോഭനങ്ങളുടേയും വെല്ലുവിളികളുടേയും നടുവിലാണ് വളർന്നുവരുന്നത്. മാതാപിതാക്കളിൽ നിന്നും കുടുംബങ്ങളിൽനിന്നും മാറി പഠനത്തിനും ജോലിക്കും പോകുന്നത് സാധാരണയായിരിക്കുന്നു. ഈ സ്ഥലങ്ങളിൽ അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം കൊടുക്കുവാൻ മാതാപിതാക്കളോ സഭയുടെ വേദികളോ പലപ്പോഴും ഉണ്ടാകാറില്ല. ഇങ്ങനെയുള്ള സാഹചര്യത്തിൽ ക്രിസ്തീയ വിശ്വാസത്തിലും പ്രമാണങ്ങളിലും മൂല്യങ്ങളിലും ഉറച്ച് നിൽക്കണമെങ്കിൽ ബാല്യത്തിൽ തന്നെ അവരിൽ ശക്തമായ അടിത്തറ ഇട്ടിരിക്കണം. ഇതിനുള്ള വേദിയാണ് സൺഡേസ്കൂൾ. യേശുവിങ്കലേക്ക് ഓരോ കുഞ്ഞിനെയും നയിക്കുന്നതാണ് സൺഡേസ്കൂളിന്റെ ലക്ഷ്യം. നമ്മുടെ സഭയിലെ സൺഡേസ്കൂൾ അദ്ധ്യാപകർക്കും എല്ലാ കുട്ടികൾക്കും സഭയുടെ ആശംസകൾ അറിയിക്കുന്നു.

നവംബർ മാസം 15-ാം തീയതി ഞായർ നാം പെൺശിശു ഞായർ ആയി ആചരിക്കുകയാണ്. നമ്മുടെ സമൂഹത്തിൽ പെൺശിശുക്കളെ ബാധ്യതയായിക്കാണുന്ന പ്രവണത നിലനിൽക്കുന്നു. ചില മാതാപിതാക്കളെങ്കിലും പെൺശിശുക്കളെ രണ്ടാം തരം പൗരന്മാരായി കാണാറുണ്ട്. അപകർഷതാബോധത്തോടെ അവർ വളരാൻ ഇടയാകരുത്. ആൺകുട്ടികളെപ്പോലെ അവരും ദൈവത്തിന്റെ ദാനമാണ്, ദൈവത്തിന്റെ സൃഷ്ടിയാണ്.

ഈ വർഷത്തെ ആദ്യഫല പെരുന്നാൾ 2015 ഡിസംബർ 4, 5 തീയതികളിൽ നടത്തപ്പെടുന്നതാണ്. നമുക്ക് ദൈവത്തെ ബഹുമാനി

ക്കുവാൻ ലഭിക്കുന്ന ഒരു അവസരമാണ് ആദ്യഫല പെരുന്നാൾ. ദൈവം നമുക്ക് നൽകിയതിൽ നിന്ന്, അന്നേ ദിവസം, പ്രാപ്തിപോലെയും പ്രാപ്തിക്ക് മീതെയും നമ്മുടെ വരുമാനം വഴിപാടായി അർപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഏവരുടേയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

എല്ലാവരേയും ദൈവം തമ്പുരാൻ സമൃദ്ധിയായി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹത്തോടെ

കോടുകുളഞ്ഞി — ഇടവകപ്പട്ടക്കാരൻ

1 11 15 — റവ. ഡോ. സാം റ്റി. മാത്യു

## വാർത്തകളും കുറിപ്പുകളും

01 11 15 ഞായർ. അഖില ലോക സൺഡേസ്കൂൾ ദിനം. റാലിയും പൊതുസമ്മേളനവും ഉച്ചകഴിഞ്ഞു 2 മണിക്ക് ചെങ്ങന്നൂർ സി എസ് ഐ ചർച്ചിൽ വച്ച് നടത്തപ്പെടും

നവംബർ 20, 21 തീയതികളിൽ ഡയോസിഷൻ കൗൺസിൽ കോട്ടയത്തു വെച്ചു നടത്തപ്പെടുന്നു.

ആദ്യഫല സ്തോത്രം 2015 ഡിസംബർ 4, 5 തീയതികളിൽ നടത്തപ്പെടുന്നു

## ത്രിദിന ഉപവാസപ്രാർത്ഥന

ഡിസംബർ 9, 10, 11, തീയതികളിൽ ഫ്രൺഡ്സ് മിഷ്നറി പ്രയർ ബാൻഡ് പ്രവർത്തകരുടെ നേതൃത്വത്തിൽ രാവിലെ 10.00 മുതൽ 1.00 മണിവരെ ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു. സഹകരിക്കുക

## ജുബിലി പ്രൊജക്ട് കമ്മറ്റി

ഒക്ടോബർ 25-ാം തീയതി ഞായറാഴ്ച ആരാധനക്കുശേഷം പള്ളിയിൽ വെച്ചു നടത്തപ്പെട്ട പ്രത്യേക പൊതുയോഗത്തിൽ വെച്ച് ജുബിലി പ്രൊജക്ട് കമ്മറ്റിയെ തെരഞ്ഞെടുത്തു.

## പ്രതിവാര ആരാധനകളും യോഗങ്ങളും

| | | | |
|---|---|---|---|
| ഞായറാഴ്ച | സണ്ടേസ്ക്കൂൾ | പള്ളിയിൽ | 08.00 എ. എം |
| | സ്ത്രീജനസഖ്യം | പള്ളിയിൽ | 12. 00 നൂൺ |
| | ഏരിയാ പ്രാർത്ഥന | ഭവനങ്ങളിൽ | 02.30 - 4.30 പി. എം |
| ചൊവ്വാഴ്ച | സ്ത്രീജനസഖ്യം | ഭവനങ്ങളിൽ | 2.30 പി. എം |
| ബുധനാഴ്ച | മദ്ധ്യസ്ഥ പ്രാർത്ഥന | പള്ളിയിൽ | 5.00 പി. എം |
| വെള്ളിയാഴ്ച | ഉപവാസപ്രാർത്ഥന | പള്ളിയിൽ | 10.30 എ. എം |

## വി. സംസർഗ്ഗം ഉപസഭകളിൽ

| | | |
|---|---|---|
| 01 11 2015 | കുതിരവട്ടം | രാവിലെ 7.30 ന് |
| 08 11 2015 | ചെറിയനാട് ചാപ്പൽ | രാവിലെ 7.30 ന് |

## ബപ്തിസ്മപ്പെട്ടു

നമ്മുടെ ഇടവകയിൽ കൊച്ചുപ്ളാവു നിൽക്കുന്നതിൽ സിബി തോമസിന്റെ മകൻ ഏഡൻ റ്റി. സിബിയും വലിയതറയിൽ മനോ വി. ജയ്ക്കബിന്റെ മകൻ ലിറോയി ജയ്ക്കബ് മനോയും ബപ്തിസ്മപ്പെട്ട് സഭയോടുചേർന്നു.

## വിവാഹിതരായി

നമ്മുടെ ഇടവകയിൽ, വലിയവീട്ടിൽ ജിബിൻ ജോർജ് ജയ്ക്കബും പള്ളിപ്പാട് കാട്ടിൽ ഫ്ളജി വർഗീസും തമ്മിലും
മണലേൽ വീട്ടിൽ വടക്ക് മോബിൻ സമുവേൽ വർഗീസും കോടുകുളഞ്ഞി തെക്കെത്തെരുവിൽ തകിടിയിൽ പുത്തൻ വീട്ടിൽ ജിജി സാറാ വർക്കിയും തമ്മിലും വിവാഹിതരായി

## സ്ത്രീജനസഖ്യം

സ്ത്രീജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഫുഡ് പ്രോസസിംഗ് പ്രോജക്ടിന് നല്കി വരുന്ന സഹായ സഹകരണത്തിന് നന്ദി അറിയിക്കുന്നു. തുടർന്നും സഹായസഹകരണം പ്രതീക്ഷിക്കുന്നു.

**നവംബർ മാസത്തിലെ പ്രാർത്ഥനകൾ**

3-ാം തീയതി ചൊവ്വാഴ്ച 2.30ന് തെങ്ങുംവിളയിൽ സന്തോഷ് ഭവനിൽ ശ്രീമതി സാറാമ്മ തോമസിന്റെ ഭവനം

10-ാം തീയതി ചൊവ്വാഴ്ച 2.30ന് ചേനത്തറ ശ്രീമതി മോളി ജോണിന്റെ ഭവനം

24-ാം തീയതി ചൊവ്വാഴ്ച 2.30ന് വാഴേലിൽ തോമസ് വില്ല യിൽ ശ്രീമതി ലതാ തോമസിന്റെ ഭവനം

17 ചൊവ്വ 10.എ.എം. ഭവന സന്ദർശനം

എന്ന് സെക്രട്ടറി

**ജെസി ചെറിയാൻ**

## സണ്ടേസ്കൂൾ

നവംബർ 1-ാം തീയതി ഞായറാഴ്ച സണ്ടേസ്കൂൾ ദിനമായി ആചരിക്കുന്നു.

നവംബർ 14-ാം തീയതി ശനിയാഴ്ച രാവിലെ 8.30 ന് മഹായി ടവക കലാമത്സരം നടക്കുന്നു. കോടുകുളഞ്ഞി ജില്ലാ സണ്ടേസ്കൂൾ കലാമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചിട്ടുള്ള കുട്ടികൾ മഹായിടവക കലാമത്സരത്തിൽ പങ്കെടുക്കുന്നതിന് തയ്യാറെടുക്കണ മെന്നു അഭ്യർത്ഥിക്കുന്നു.

സണ്ടേസ്കൂൾ ദീർഘകാലമായി ആഗ്രഹിച്ച ഉച്ചഭാഷിണിയും. ലാപ്ടോപ്പും, പ്രൊജക്റ്ററും വാങ്ങുന്നതിന് ദൈവം സഹായിച്ചു. അതിന് സാമ്പത്തിക സഹായം നൽകിയ വ്യക്തികളോട് സണ്ടേസ്കൂ ളിന്റെ നന്ദി ആദരവോടെ അറിയിക്കുന്നു. പ്രൊജക്റ്റർ കടയ്ക്കൽ കിഴ ക്കേതിൽ ശ്രീമതി അന്നമ്മ പോത്തന്റെ ഓർമ്മയ്ക്കായി തന്റെ കൊച്ചുമക്കൾ ദാനമായി നൽകിയതാണ്.



എമി ആൻ നൈനാൻ    ലെന സൂസൻ ജോൺ

21-9-2015ൽ നടന്ന ജില്ലാ കലാമത്സ രത്തിൽ വ്യക്തിഗത ചാമ്പ്യൻമാരായി ലെനാ സൂസൻ ജോൺ ആര്യാട്ട് ഭവൻ (സബ് ജൂനിയർ വിഭാഗം) എമി ആൻ നൈനാൻ, കടയ്ക്കൽ കിഴക്ക് (ജൂനിയർ വിഭാഗം) എന്നിവർ സമ്മാനങ്ങൾ കരസ്ഥ മാക്കി. അഭിനന്ദനങ്ങൾ

ഹെഡ്മാസ്റ്റർ

**ടി. മാത്യു**

# സി.എം.എസ്. യു.പി. സ്കൂൾ



കോടുകുളഞ്ഞി കോ-ഓപ്പറേറ്റിവ് സൊസൈറ്റി സി. എം. എസ്. യു. പി. സ്കൂൾ കുട്ടികൾക്കായി ആരംഭിച്ച മംഗളം അക്ഷര ജ്യോതിയുടെ ഉദ്ഘാടനം പ്രസിഡന്റ് ശ്രീ. കെ.പി. ചെറിയാൻ നിർവ്വഹിച്ചു. റവ. ഡോ. സാം റ്റി. മാത്യു, ശ്രീ. കോശി വർഗ്ഗീസ്, ചാണ്ടി സി. ജോർജ്, സാം (മംഗളം) കോ- ഓപ്പറേറ്റിവ് സൊസൈറ്റി ഡയറക്ടർ ബോർഡ് മെമ്പേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു.



സി. എം. എസ്. യു. പി. സ്കൂളിന്റെ ഉപയോഗത്തിനായി പൂർവ്വ വിദ്യാർത്ഥി വെണ്മണി തെങ്ങിൽ ശ്രീ. കെ.വി. തോമസ് സംഭാവന ചെയ്തു ഓഡിയോ സിസ്റ്റത്തിന്റെ ഉദ്ഘാടനവും നടത്തുകയുണ്ടായി.



മലയാള മനോരമ കുട്ടികൾക്കായി സംഘടിപ്പിച്ച മത്സരത്തിൽ (ഇന്ത്യ 2025) നമ്മുടെ കുട്ടികളും പങ്കെടുത്തു. ലോക ബഹിരാകാശ വാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സി.എം.എസ്.യു.പി. സ്കൂളിൽ നടത്തി മത്സരങ്ങളിൽ പങ്കെടുത്തു.

ഹെഡ്മിസ്ട്രസ്

# ആത്മായ സംഘടന

ആത്മായ സംഘടനയുടെ ഒക്ടോബർ മാസത്തിലെ യോഗം 11-ാം തീയതി ഞായറാഴ്ച ആരാധനയ്ക്കു ശേഷം റവ. ജോൺസൺ ജോൺ അച്ചന്റെ അദ്ധ്യക്ഷതിൽ നടന്നു. യോഗത്തിൽ റവ. ജോൺസൺ ജോൺ അച്ചൻ അനുഗ്രഹപ്രദമായ ദൂതു നൽകി

ഒക്ടോബർ 2ന് മുണ്ടക്കയം ഹോളി ട്രിനിറ്റി സി.എസ്.ഐ. പള്ളിയിൽ വച്ച് നടന്ന മഹായിടവക ആത്മായ ഫെലോഷിപ്പിന്റെ വാർഷീക സമ്മേളനത്തിൽ ഇടവക വികാരിയും ആത്മായ സംഘടനയുടെ പ്രസിഡന്റുമായ റവ. സാം റ്റി. മാത്യു അച്ചന്റെ നേതൃത്വത്തിൽ 10 പേർ പങ്കെടുത്തു. ഒക്ടോബർ 10-ാം തീയതി ആലാ സി.എസ്.ഐ. പള്ളിയിൽ വച്ചു നടന്നതായ ആത്മായ സംഘടനയുടെ യോഗത്തിലും സഭയിൽ നിന്നും പങ്കെടുത്തു.

ആത്മായ സംഘടനയിൽ അംഗങ്ങളെ ചേർക്കുന്ന പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സെക്രട്ടറി

**ഇട്ടി ചെറിയാൻ**

# അഭിനന്ദങ്ങൾ



നമ്മുടെ സഭയിൽ നിന്നും 27-ാമത്തെ പട്ടക്കാരനായി 2015 ഒക്ടോബർ 1-ാം തീയതി ഡിക്കൻ സ്ഥാനത്തേക്ക് പ്രതിഷ്ഠിക്കപ്പെട്ട സോജി എ. തോമസിന് സഭയുടെ അഭിനന്ദങ്ങൾ. കണ്ണമ്മൂല വൈദിക സെമിനാരിയിലാണ് അദ്ദേഹം വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ഇപ്പോൾ മുണ്ടക്കയം ജില്ലയിലുള്ള കരിനിലം സെന്റ് തോമസ് സി.എസ്.ഐ. പള്ളിയിൽ സേവനം ചെയ്യുന്നു. കൊച്ചുപ്ലാവുനിൽക്കുന്നതിൽ ശ്രീ. കെ.റ്റി.തോമസിന്റെയും ശ്രീമതി ഗ്രേസി തോമസിന്റെയും മകനാണ്. ഭാര്യ തുമ്പമൺ സ്വദേശിനി റോസി സോജി. ഹന്നാ, നെസിയ എന്നിവർ മക്കൾ.



# മുറ്റത്തുള്ള മുരിക്കിന്മേൽ

മുറ്റത്തുള്ള മുരിക്കിന്മേൽ
മുറ്റുന്നു പൂങ്കലകൾ
ചെങ്കനൽപോലെ പൂക്കളിതാ
ചന്തത്തിൽ വിടരുന്നു.
രസമേറീടും തേൻതുള്ളി
ഇറ്റിറ്റായ് വീഴുന്നു.

കിളികുലമെല്ലാ മെത്തുകയായ്
കളകളം പാടുകയായ്.
മാടത്തക്കിളിയെത്തുന്നു
മാടിവിളിക്കുന്നു.
കരിനിറമോലും കാകന്മാർ
കൂകിക്കൊണ്ടെത്തുന്നു.

മഞ്ഞക്കിളിയും തത്തകളും
കുഞ്ഞാമൽ പൈങ്കിളിയും
മധുവുണ്ടീടാനെത്തുന്നു
മത്തടിച്ചാർക്കുന്നു.

റ്റി. വി. ജോൺ.

## 2015 ഒക്ടോബർ മാസത്തെ പഞ്ചാംഗം

**01 11 2015 പെന്തക്കോസ്തിനു പിമ്പ് 23-ാം ഞായർ**

അഖില ലോക സൺഡേസ്കൂൾ ദിനം
സഭയിലെ പൈതങ്ങളെ ശക്തീകരിക്കുക
ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00 ന്

| | |
|---|---|
| പുറ. 2:1-10 | 3 യോഹ.1-15 |
| സങ്കീ. 47 | മർക്കൊ.18:15-17 |

**8 11 2015 പെന്തക്കോസ്തിനു പിമ്പ് 24-ാം ഞായർ**

(സി എസ് ഐ, സി എൻ ഐ, മാർത്തോമ്മ ഐക്യ ആഘോഷം)
തണ്ടിന്മേൽ കത്തിച്ചുവെച്ച വിളക്ക്
ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00 ന്

| | |
|---|---|
| സെഖ. 4:1-14 | 1 കൊരി.3:10-15 |
| സങ്കീ. 27 | മത്താ. 5:14-16 |

**15 11 2015 പെന്തക്കോസ്തിനു പിമ്പ് 25-ാം ഞായർ**

പെൺശിശു ഞായർ
പെൺശിശുക്കളെ സംരക്ഷിക്കുക
ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00 ന്

| | |
|---|---|
| ഇയ്യോ. 42:10-17 | അപ്പൊ.പ്ര. 16:16-18 |
| സങ്കീ. 45:8-14 | മത്താ. 15:21-28 |

**22 11 2015 പെന്തക്കോസ്തിനു പിമ്പ് 26-ാം ഞായർ**

ദാരിദ്ര്യത്തോടുള്ള ക്രിസ്തീയ പ്രതികരണം
ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00 ന്

| | |
|---|---|
| ആമൊ. 8:4-7 | യാക്കോ 2:1-7 |
| സങ്കീ.145 | ലൂക്കോ. 16:19-31 |

**29 11 2015 ഞായർ ആഗമനത്തിൽ 1-ാം ഞായർ**

മറിയ എലിസബേത്തിനെ കണ്ടുമുട്ടുന്നു
സുവാർത്തയുടെ ആഘോഷം
ഉത്തരേന്ത്യാ സഭയുടെ ഉത്ഘാടന വാർഷികം
ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00 ന്

| | |
|---|---|
| പുറ. 2.:1-10 | അപ്പൊ. പ്ര. 9:10-18 |
| സങ്കീ. 117 | ലൂക്കോ. 1:39-56 |

**06. 12. 2015 ആഗമനത്തിൽ 2-ാം ഞായർ**

ക്രിസ്തുമസ്സിനു മുമ്പ് 3-ാം ഞായർ
ദൈവവചനം. പ്രചോദിക്കാൻ പ്രചോദിക്കപ്പെട്ട വചനം
ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 9.30 ന്

| | |
|---|---|
| 1 രാജാ. 19:1-21 | വെളി. 10:1-11 |
| സങ്കീ. 119:33-40 | ലൂക്കോ. 1:39-45 |